തൃശ്ശൂർ	1000
പാലക്കാട്	1500
ഇടുക്കി	900
(മൂന്നു സ്ഥലങ്ങളിൽ)	
മലപ്പുറം	500
വയനാട്	400
കോഴിക്കോട്	2000
കണ്ണൂർ	1500
കാസറഗോഡ്	400

(ബി) മൂന്നുലക്ഷം രൂപയിൽ കുറയാത്ത ഒരു സംഖ്യയാണ് പിരിച്ചെടുക്കാൻ തീരുമാനിച്ചിരുന്നത്. ഇതുവരെ ഒന്നര ലക്ഷം രൂപ 6 ജില്ലകളിൽ നിന്നും കിട്ടിയിട്ടുണ്ട്. ബാക്കി ജില്ലകളിൽ പിരിഞ്ഞുകിട്ടിയ തുക ഉടനെതന്നെ കിട്ടുമെന്നു പ്രതീക്ഷിക്കുന്നു.

(സി) സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ് ഈ തുക അയച്ചുകൊടുക്കുന്നത്. മുഴുവൻ സ്വരൂപിച്ചശേഷം അയച്ചു കൊടുക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു)

II. അടിയന്തിരപ്രമേയം

പ്രീ-ഡിഗ്രി പരീക്ഷാ ഫലപ്രഖ്യാപനത്തിലുണ്ടായിട്ടുള്ള ക്രമക്കേടുകൾ

മി. സ്പീക്കർ: കേരള സർവ്വകലാശാലയുടെ പ്രീ-ഡിഗ്രി പരീക്ഷാ ഫലപ്രഖ്യാപനത്തിൽ ഉണ്ടായതായി പറയപ്പെടുന്ന ക്രമക്കേടുകളെത്തുടർന്ന് ഉളവായിരിക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷത്തെക്കുറിച്ച് ചർച്ചചെയ്യുന്നതിന് ഇന്നത്തെ സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എ. വി. താമരാക്ഷൻ, ശ്രീ. വി. കെ. രാജൻ, ശ്രീമതി റെയ്ച്ചൽ സണ്ണി പനവേലി, ശ്രീ. കെ. കൃഷ്ണൻകുട്ടി, ശ്രീ. ലോനപ്പൻ നമ്പാടൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്): ഈ കഴിഞ്ഞ 1-ാം തീയതി കേരള സർവ്വകലാശാലയുടെ പരീക്ഷാ ഫലം പ്രസിദ്ധീകരിക്കുകയുണ്ടായി. സാധാരണഗതിയിൽ യൂണിവേഴ്സിറ്റി സ്വീകരിക്കാറുള്ള നടപടിക്രമങ്ങളെല്ലാം സ്വീകരിച്ചതിനുശേഷമാണ് പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടുള്ളത്. ആ പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിനുശേഷം ചില ആളുകൾ അതിനെ സംബന്ധിച്ചുള്ള പരാതികൾ പല രംഗങ്ങളിലും ഉന്നയിക്കുകയുണ്ടായി. ഏതാനും വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചിട്ടുണ്ട്. അങ്ങനെ തടഞ്ഞുവച്ചിരിക്കുന്ന പരീക്ഷാഫലം പ്രസിദ്ധീകരിക്കാനുള്ള നടപടികൾ വളരെവേഗതയിൽ യൂണിവേഴ്സിറ്റി സ്വീകരിച്ചു വരുകയാണ്. അധികം താമസിയാതെ തന്നെ തടഞ്ഞുവച്ചിരിക്കുന്ന വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന്, യൂണിവേഴ്സിറ്റി ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. സാധാരണഗതിയിലുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചതിനുശേഷം പ്രസിദ്ധീകരിച്ചിരിക്കുന്ന ഒരു ഫലപ്രഖ്യാപനമെന്നുള്ള നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനകത്ത് പ്രത്യേകമായിട്ടുള്ള എന്തെങ്കിലും കാര്യങ്ങൾ ഉണ്ടെന്ന് ഗവൺമെന്റ് കരുതുന്നില്ല. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി വസ്തുതകൾ വളച്ചൊടിക്കാനും ഈ സഭയെപ്പോലും തെറ്റിദ്ധരിപ്പിക്കാനുമാണ് ഇപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. കേരളാ യൂണിവേഴ്സിറ്റിയുടെ പ്രീ-ഡിഗ്രി പരീക്ഷാഫലപ്രഖ്യാപനം വിദ്യാർത്ഥികളിലും, അവരുടെ രക്ഷിതാക്കളിലും, അദ്ധ്യാപകരിലും കടുത്ത ആശങ്ക ജനിപ്പിച്ചിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റിന്റെ മൂർവാശിയും വിദ്യാഭ്യാസവകുപ്പുമന്ത്രിയുടെ പിടിപ്പുകേടുമാണ് കേരളാ യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഇത്രയും ലജ്ജാകരമായ ഒരു സാഹചര്യം സൃഷ്ടിച്ചിരിക്കുന്നത്. സർ, ജൂലൈ 1-ാം തീയതി കേരളാ യൂണിവേഴ്സിറ്റിയുടെ പ്രീ-ഡിഗ്രി പരീക്ഷാഫലം പ്രസിദ്ധീകരിച്ചു കഴിഞ്ഞു എന്നും ഈ നിയമസഭയിൽ തന്നെ ആവർത്തിച്ചാവർത്തിച്ച് അദ്ദേഹം പറയുകയുണ്ടായി. എന്നാൽ ഇതുവരെയും പൂർണ്ണമായും പ്രീ-ഡിഗ്രി പരീക്ഷാഫലം പ്രഖ്യാപിച്ചിട്ടില്ല എന്ന് യൂണിവേഴ്സിറ്റി തന്നെ പിന്നീട് പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ പറഞ്ഞിട്ടുണ്ട്. അതു സംബന്ധിച്ച അവകാശലംഘനപ്രമേയത്തിന് നോട്ടീസ് നൽകിയതുകൊണ്ട് ഞാൻ ഇതിനെപ്പറ്റി വിശദീകരിക്കുന്നില്ല. ഇവിടെ പ്രീ-ഡിഗ്രി ബോർഡിനെതിരെ പണിമുടക്കിയ യൂണിവേഴ്സിറ്റി ജീവനക്കാരുടെയും അദ്ധ്യാപകരുടെയും സമരം പരീക്ഷാ ഫലപ്രഖ്യാപനത്തെ ബാധിച്ചിട്ടില്ലെന്നും വരുത്തിത്തീർക്കാൻവേണ്ടി വിദ്യാഭ്യാസവകുപ്പുമന്ത്രി സ്വീകരിച്ച തരംതാണ നടപടിയാണ്, പതിനായിരക്കണക്കിന് വിദ്യാർത്ഥികളെ തീരാദുഃഖത്തിലാഴ്ത്തിയ ഈ ലജ്ജാകരമായ സാഹചര്യം സൃഷ്ടിച്ചിരിക്കുന്നത്. ജൂലൈ 1-ാം തീയതി പുറപ്പെടുവിച്ച പത്രക്കുറിപ്പിൽ 1,10,818 വിദ്യാർത്ഥികളും പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്തുവെന്നു പറയുന്നു. അതിൽ 89,921 വിദ്യാർത്ഥികളും പരീക്ഷ എഴുതിയതായും, 19,410 വിദ്യാർത്ഥികളും ജയിച്ചതായും പറയുന്നു. അതിന്റെ വിശദാംശങ്ങളിലേക്ക് ഞാൻ പോകുന്നില്ല. എന്നാൽ പരീക്ഷയെഴുതിയ ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പരീക്ഷാഫലം തടഞ്ഞുവച്ചിരിക്കുന്നതായിട്ടാണ് യൂണിവേഴ്സിറ്റിയിൽ രേഖപ്പെടുത്തിയിരിക്കുന്നത്. അവരുടെ പരീക്ഷാഫലം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണെന്നു യൂണിവേഴ്സിറ്റിതന്നെ പറഞ്ഞിട്ടുള്ളതു മറെറാരു കാര്യമാണ്. തിരുവനന്തപുരത്ത് എസ്.എസ്.എൽ.സി. ക്ക് ഉയർന്ന മാർക്കോടുകൂടി പാസ്സായി പഠിക്കുന്ന വിദ്യാർത്ഥികളുള്ള രണ്ട് കോളേജുകളാണ് ആർട്ട്സ് കോളേജും വിമൻസ് കോളേജും. ആ കോളേജിൽ പരീക്ഷയെഴുതിയ നൂറുകണക്കിന് വിദ്യാർത്ഥികളും, ഉന്നതവിജയം നേടിക്കൊണ്ടിരിക്കുന്ന വിദ്യാർത്ഥികളും, ലിസ്റ്റ് വന്നപ്പോൾ പരാജയപ്പെട്ടിരിക്കുകയാണ്. തേർഡ് ഗ്രൂപ്പിൽ 320 വിദ്യാർത്ഥികളും പരീക്ഷയെഴുതിയിട്ട് 20 കുട്ടികളുടെ റിസൾട്ട് മാത്രമാണ് പ്രസിദ്ധീകരിച്ചിരിക്കുന്നത്. ബാക്കി മുന്നൂറു കുട്ടികൾക്ക്, എന്തു പറ്റിയെന്നും യാതൊരു വിവരവുമില്ല. വിമൻസ് കോളേജിൽനിന്ന് പരീക്ഷ എഴുതിയതിൽ തേർഡ് ഗ്രൂപ്പിന്റെ റിസൾട്ടേ വന്നിട്ടില്ല. അതുപോലെതന്നെ തിരുവനന്തപുരത്ത് സംസ്കൃത കോളേജിൽ 2,500 വിദ്യാർത്ഥികൾ പരീക്ഷയെഴുതിയിട്ട് വെറും 36 പേരുടെ റിസൾട്ട് മാത്രമാണ് പ്രസിദ്ധീകരിച്ചത്. ബാക്കി 2,400-ൽ പരം വിദ്യാർത്ഥികളുടെ റിസൾട്ട് കണ്ടിട്ടേയില്ല. കാമന എൻ. എസ്. എസ്. കോളേജിൽ പരീക്ഷയെഴുതിയ 2,000 വിദ്യാർത്ഥികളിൽ 400 പേരുടെ റിസൾട്ട് ഇപ്പോഴും വന്നിട്ടില്ല. ചെങ്ങന്നൂർ ക്രിസ്ത്യൻ

LIBRARY ARCHIVES Kerala Legislative Assembly

കോളേജിൽ പരീക്ഷ എഴുതിയ ഒട്ടനവധി വിദ്യാർത്ഥികളുടെയും റിസൽട്ട് വന്നിട്ടില്ല. കായംകുളം എം. എസ്സ്. എം. കോളേജിൽ 4,500 പേർ പരീക്ഷയെഴുതിയതിൽ 2,500 പേരുടെ റിസൽട്ട് കണ്ടിട്ടില്ല. ഇതുതന്നെയാണ് കേരളാ യൂണിവേഴ്സിറ്റിയുടെ എല്ലാ കോളേജുകളുടേയും സ്ഥിതി. സർ, യൂണിവേഴ്സിറ്റി തന്നെ പറയുന്നു ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പരീക്ഷാഫലം ഇനിയും പ്രസിദ്ധീകരിക്കാനുണ്ടെന്ന്. ഈ കോളേജുകളിൽ ഉന്നതമാർക്ക് കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന വിദ്യാർത്ഥികളും പോലും ഇപ്പോൾ തോറ്റതായി കാണുകയാണ്. ചില കുട്ടികളും തേർഡ് ക്ലാസ്സിന്റെ നിരയിലാണ്. ഇന്ന് യൂണിവേഴ്സിറ്റി റാങ്ക് കിട്ടിയെന്നു പറയുന്ന ആ കുട്ടികളും പോലും പറയുന്നു, ഞങ്ങളും സ്വപ്നത്തിൽപോലും പ്രതീക്ഷിച്ചിട്ടില്ല, റാങ്ക് കിട്ടുമെന്ന്. പരീക്ഷാഫലം പൂർണ്ണമാകാതെ വിജയശതമാനവും റാങ്കും എന്ത് അടിസ്ഥാനത്തിലാണ് നിശ്ചയിച്ചതെന്ന് ആർക്കും ഒരു പിടിയും കിട്ടുന്നില്ല. ഇന്ന് അദ്ധ്യാപകരും, വിദ്യാർത്ഥികളും രക്ഷിതാക്കളും വളരെ ആശങ്കയിലാണ്. സർ, യൂണിവേഴ്സിറ്റിയുടെ ഈ പരീക്ഷാഫലപ്രഖ്യാപനത്തിൽ വളരെയേറെ തിരിമറികളും കള്ളക്കളികളും നടന്നതായി സംശയിക്കപ്പെടുന്നു. ആർട്ട്സ് ഗ്രൂപ്പിലുള്ള മൂന്ന് റാങ്കുകളും തിരുവനന്തപുരത്തുള്ള ആംസെയിൻസ് കോളേജിനാണ്. അതുപോലെതന്നെ കോമേഴ്സിലുള്ള മൂന്ന് റാങ്കുകളും തിരുവനന്തപുരത്തുള്ള മാർ ഇവാനിയോസ് കോളേജിനാണ്. ആയിരക്കണക്കിന് വിദ്യാർത്ഥികളും പരീക്ഷയെഴുതി ഉന്നത മാർക്ക് പ്രതീക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ ആ വിദ്യാർത്ഥി തോറ്റതായി കാണുകയും ആയിരക്കണക്കിനു വിദ്യാർത്ഥികളുടെ റിസൽട്ട് പ്രഖ്യാപിക്കാതിരിക്കുകയും ചെയ്യുമ്പോൾ എങ്ങനെയാണ് റാങ്ക് നിശ്ചയിക്കുന്നത് എന്ന് ഒരു പിടിയും കിട്ടുന്നില്ല. ഇപ്പോൾതന്നെ മെഡിക്കൽ കോളേജിൽ എം. ബി. ബി. എസ്സിനും എഞ്ചിനീയറിംഗിനും എൻട്രൻസ് പരീക്ഷകൾ വച്ചിരിക്കുകയാണ്. ആ പരീക്ഷ എഴുതാൻ മാർക്ക് കിട്ടുമെന്ന് പ്രതീക്ഷിച്ച് കോച്ചിങ്ങിന് പോയ നിരവധി വിദ്യാർത്ഥികളും കണ്ണീരുമായി കഴിഞ്ഞുകൂടുകയാണ്. എങ്ങനെയാണ് അവർക്ക് അവസരം ഉണ്ടാകുന്നത്. യൂണിവേഴ്സിറ്റി തന്നെ പറയുന്നുണ്ട് 5,000-ൽപ്പരം വിദ്യാർത്ഥികളുടെ പരീക്ഷാഫലം ആയിട്ടില്ലെന്ന്. അങ്ങനെ ആയിരക്കണക്കിനു വിദ്യാർത്ഥികളുടെ പരീക്ഷാഫലങ്ങൾ പ്രഖ്യാപിക്കാതെ എം. ബി. ബി. എസ്സും എഞ്ചിനീയറിങ്ങും അടക്കമുള്ള ആ എൻട്രൻസ് പരീക്ഷകൾ എഴുതാൻ കഴിയാതെ ആയിരക്കണക്കിന് വിദ്യാർത്ഥികൾ കണ്ണീരുമായി കഴിയുമ്പോൾ ഇവിടെ യാതൊന്നും സംഭവിച്ചിട്ടില്ല എന്ന നിലയിൽ വിദ്യാഭ്യാസമന്ത്രി ഇരിക്കുകയാണ്. കേരളാ യൂണിവേഴ്സിറ്റിയുടെ പരീക്ഷാഫലപ്രഖ്യാപനത്തിൽ വിദ്യാർത്ഥികൾക്കും, രക്ഷകർത്താക്കൾക്കും, അദ്ധ്യാപകർക്കും ഉണ്ടായിരിക്കുന്ന ഈ ആശങ്ക ദൂരീകരിക്കത്തക്ക വിധത്തിൽ ഇന്നുള്ള ഈ ഫലപ്രഖ്യാപനം റദ്ദ് ചെയ്തുകൊണ്ട് ഒരു റീ-വാലുവേഷൻ നടത്താനും ഫലപ്രഖ്യാപനം നടത്താനും ഗവൺമെന്റ് തയ്യാറാകണം. അദ്ധ്യാപകരും, ജീവനക്കാരും സഹകരിക്കാമെന്ന് പറഞ്ഞിരിക്കുകയാണ്. ഈ സാഹചര്യത്തിൽ ഇന്ന് കേരള സർവ്വകലാശാലയിലെ വിദ്യാഭ്യാസരംഗത്തുണ്ടാക്കിയ എല്ലാ കുഴപ്പങ്ങൾക്കും ഉത്തരവാദിയായ വിദ്യാഭ്യാസവകുപ്പുമന്ത്രിക്ക് ആ കസേരയിൽ ഇരിക്കാൻ അവകാശമില്ല. വിദ്യാഭ്യാസരംഗത്തെയാകെ താറുമാറാക്കിക്കൊണ്ട് ആയിരക്കണക്കിന് വിദ്യാർത്ഥികളെ തീരാ ദുഃഖത്തിലാഴ്ത്തിയ ഏറ്റവും ഗുരുതരമായ, കേരളാ യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഇതുവരെ സംഭവിക്കാത്ത ഇത്രയും ലജ്ജാകരമായ ഈ കാര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി. എം. ജേക്കബ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞ കാര്യങ്ങളും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പറഞ്ഞതാണ്. ആ കാര്യങ്ങളെ സംബന്ധിച്ചുള്ള വിശദീകരണം.....(ബഹളം).....ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ സർവ്വകലാശാലയുടെ പത്രക്കുറിപ്പ് വരുകയും അത് പത്രങ്ങളിൽക്കൂടി പ്രസിദ്ധീകരിച്ചതുമാണ്. ഈ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ഉണ്ടാകാത്ത രീതിയിൽ വളരെ കുറഞ്ഞ വിജയശതമാനത്തോടുകൂടി മ്ലേച്ഛമായ പരീക്ഷാഫല പ്രസിദ്ധീകരണമാണ് നടത്തിയിരിക്കുന്നതെന്നു പറയുകയുണ്ടായി. ഇതിനേക്കാൾ കുറഞ്ഞ റിസൾട്ട് നമ്മുടെ സംസ്ഥാനത്ത് ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. .....(ബഹളം).....

മി. സ്പീക്കർ: ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്കു പറയാനുള്ളത് പറയട്ടെ.....(ബഹളം).....

ശ്രീ. ടി. എം. ജേക്കബ്: 1982-ലെ പരീക്ഷാ ഫലം 20.61 ശതമാനമായിരുന്നു. 1983-ൽ 21.99 ശതമാനം. 1984-ൽ 25.29 ശതമാനം. 1985-ൽ 22.64 ശതമാനം. 1986-ൽ 21.6 ശതമാനം.....(ബഹളം).....ഇതാണ് നമ്മുടെ സംസ്ഥാനത്ത് ഈ കഴിഞ്ഞ കുറേ നാളുകളായി പ്രസിദ്ധീകരിച്ചുവരുന്ന പരീക്ഷാ ഫലത്തിന്റെ ശതമാനം. ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടില്ലെന്നു പറഞ്ഞു. ആയിരക്കണക്കിന് എന്നുള്ളത് എകസാജറേറഡ് ആയിട്ടുള്ള അഭിപ്രായത്തിന്റെ അഭിപ്രായമാണ്. എന്തായാലും വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം പലകാരണങ്ങളാൽ പ്രസിദ്ധീകരിക്കാനുണ്ടെന്നേ യൂണിവേഴ്സിറ്റി തന്നെ അവരുടെ പ്രസ് റിലീസിൽ പറഞ്ഞിട്ടുണ്ട്. തടഞ്ഞു വച്ചിരിക്കുന്ന പരീക്ഷാഫലം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികളും വളരെ വേഗതയിൽ യൂണിവേഴ്സിറ്റി സ്വീകരിച്ചുവരുകയാണ്. ഗവൺമെന്റ് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്: നേരത്തേ ഉണ്ടായിരുന്ന ആശങ്കകളും ദുരീകരിച്ച് എന്തെങ്കിലും കുഴപ്പങ്ങൾ ഉണ്ടെങ്കിൽ അത് കൈകാര്യം ചെയ്യണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. പരീക്ഷ നടത്തുന്നതും ഫലം പ്രഖ്യാപിക്കുന്നതും യൂണിവേഴ്സിറ്റികളാണ്. യൂണിവേഴ്സിറ്റി പരീക്ഷകൾ നടത്തുന്നതിൽ ഗവൺമെന്റിന് യാതൊരു വിധത്തിലുള്ള നിയന്ത്രണവുമില്ല. ഗവൺമെന്റ് നടത്തുന്ന പരീക്ഷകളുണ്ട്. പരീക്ഷാഭവനിൽ നടത്തുന്ന പരീക്ഷകളുടെ നേരിട്ടുള്ള ഉത്തരവാദിത്വം ഗവൺമെന്റിനാണ്. ഇതിനുമുമ്പും നമ്മുടെ യൂണിവേഴ്സിറ്റികളുടെ ഫലപ്രഖ്യാപനത്തെക്കുറിച്ച് പല പരാതികളും ഉണ്ടായിട്ടുണ്ട്. പലതരത്തിലുള്ള പരാതികളും ഉയർന്നു വന്നിട്ടുണ്ട്. ആ സന്ദർഭങ്ങളിലൊക്കെ ജനങ്ങൾക്കും വിദ്യാർത്ഥികൾക്കും ഈ കാര്യത്തിൽ ഉണ്ടായിരിക്കുന്ന ആശങ്ക ഗവൺമെന്റ് യൂണിവേഴ്സിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഈ പ്രാവശ്യവും ഇതിനാവശ്യമായ നടപടികൾ ഉടനേ തന്നെ സ്വീകരിച്ച് തടഞ്ഞുവച്ചിരിക്കുന്ന പരീക്ഷാഫലം പ്രഖ്യാപിക്കണമെന്ന് യൂണിവേഴ്സിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. മറെറാരുകാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് പേപ്പർ വാലുവേഷനെ സംബന്ധിച്ചാണ്. നേരത്തേ തന്നെ യൂണിവേഴ്സിറ്റി നിശ്ചയിച്ചിരുന്ന പ്രൊഫസർമാരും ലക്ചറർമാരും തന്നെയാണ് വാലുവേഷൻ നടത്തിയത്. കേരളാ, കാലിക്കട്ട്, ഗാന്ധിജി

LIBRARY ARCHIVES Kerala Legislative Assembly

യൂണിവേഴ്സിറ്റികളിലെ പേപ്പർ വാല്യു ചെയ്തുകൊണ്ടിരിക്കുന്ന അവസരത്തിലാണ് ഇതുമായി ബന്ധപ്പെട്ട് ചില സമരങ്ങളും ഉണ്ടായത്. അതേത്തുടർന്ന് പരീക്ഷാ പേപ്പർ വാല്യുവേഷൻ ജോലികളും നിറുത്തി വയ്ക്കേണ്ടി വന്നു. അത് പുനരാരംഭിച്ചപ്പോഴും പുതുതായിട്ട് ഒരു അദ്ധ്യാപകനേയും ആ കാര്യത്തിന് നിയോഗിച്ചിട്ടില്ല. അങ്ങിനെ ഉണ്ടായിരുന്ന അദ്ധ്യാപകരിൽ ബഹുഭൂരിപക്ഷം അദ്ധ്യാപകരും വാല്യുവേഷൻ ക്യാമ്പുകളിൽ വരുകയും അവർ ഈ ജോലികളും പൂർത്തിയാക്കുകയും ചെയ്തു. നേരത്തേ യൂണിവേഴ്സിറ്റി സസ്പെൻഡ് ചെയ്തു എന്നു പറയുന്ന സിൻഡിക്കേറ്റ് അംഗീകരിച്ചിട്ടുള്ള ആ ലിസ്റ്റിൽപ്പെടുന്ന അദ്ധ്യാപകരെ ഉപയോഗിച്ചാണ് വാല്യുവേഷൻ നടപടികളും പൂർത്തിയാക്കിയിരിക്കുന്നത്. ആ കാര്യത്തിൽ എന്തെങ്കിലും ആശങ്കയുണ്ടാകേണ്ടതായിട്ടില്ല. ടാബുലേഷൻ വർക്കുകളും നടത്തിയതിനുശേഷമാണ് ഈ പരീക്ഷാഫലം പ്രസിദ്ധീകരിച്ചിരിക്കുന്നത്. ആലം സെയിൻറ്സ് കോളേജിൽ മൂന്നു റാങ്കും മാർ ഇവാനിയോസ് കോളേജിൽ മൂന്നു റാങ്കും ഉണ്ടെന്നു പറയുകയുണ്ടായി. കഴിഞ്ഞ വർഷത്തെ റിസൾട്ട് പ്രഖ്യാപിക്കുമ്പോഴും മാർ ഇവാനിയോസ് കോളേജിൽ അഞ്ചു റാങ്കുകളും ഉണ്ടായിരുന്നു എന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർ മറന്നു പോകരുത്. പലകോളേജുകളിലും യൂണിവേഴ്സിറ്റി ഫലപ്രഖ്യാപനം നടത്തുമ്പോഴും രണ്ടും മൂന്നും നാലും അഞ്ചും റാങ്കുകളും കിട്ടിയ ചരിത്രം ഈ സംസ്ഥാനത്ത് ഇതിനു മുമ്പും ഉണ്ടായിട്ടുണ്ട്. പാരമ്പര്യമുള്ള, ഭംഗിയായിപഠിപ്പിക്കുന്ന നല്ല വിദ്യാലയങ്ങളിലാണ് കുട്ടികൾക്ക് സ്വഭാവികമായും റാങ്കു കിട്ടുന്നത്. റാങ്കുകളുടെ കാര്യത്തിൽ എന്തെങ്കിലും തരത്തിൽ പിശകുണ്ടായതായി എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ല, അങ്ങനെ ആരും പറഞ്ഞതായിട്ടും എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞില്ല. ഇപ്പോഴും ബഹുമാനപ്പെട്ട മെമ്പർ പറയുന്നതാണ് ഞാൻ കേട്തത്.

ഇവിടെ എൻട്രൻസ് പരീക്ഷയുടെ കാര്യം പറഞ്ഞു. ഒരു കാര്യം വളരെ വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. എഞ്ചിനീയറിംഗ് കോളേജിൽ എൻട്രൻസ് പരീക്ഷ നടന്നു കഴിഞ്ഞിട്ടുണ്ട്. മെഡിക്കൽ കോളേജുകളിലേക്കുള്ള എൻട്രൻസ് പരീക്ഷ നടത്താൻ പോവുകയാണ്. ഈ മാസം 12-ാം തീയതി നടത്താൻ പോവുകയാണ്. മൂന്നു യൂണിവേഴ്സിറ്റികളിലും പ്രീ-ഡിഗ്രി ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മാത്രമേ എൻട്രൻസ് പരീക്ഷാഫലം പ്രസിദ്ധീകരിക്കാവൂ എന്ന് ഗവൺമെൻറ് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിലെ ആർ. ഇ. സി. യിൽ പ്രവേശനത്തിന് അപേക്ഷ കിട്ടേണ്ടത് രണ്ടാം തീയതിയായിരുന്നു. റീജിയണൽ എഞ്ചിനീയറിംഗ് കോളേജിൻറെ ചെയർമാൻ കൂടിയാണ് വിദ്യാഭ്യാസമന്ത്രി. ചെയർമാൻ എന്നുള്ള അധികാരം ഉപയോഗിച്ചുകൊണ്ടുതന്നെ ആർ. ഇ. സി. യിലേക്ക് കുട്ടികളുടെ പ്രവേശനത്തിൻറെ തീയതി നീട്ടിയിട്ടുണ്ട്. റിസൾട്ട് പൂർണ്ണമായി വന്നതിനുശേഷമേ ഇവിടെ പ്രവേശനം നടത്തുകയുള്ളൂ. പുറത്തെ ആർ. ഇ. സി. യിൽ പോകേണ്ട കുട്ടികളുടെ അപേക്ഷ കൊടുക്കുന്ന സ്ഥലം കാലിക്കട്ട് ആർ. ഇ. സി. യാണ്. അവരുടെ മാർക്ക് ലിസ്റ്റ് രണ്ടാം തീയതിയ്ക്കുള്ളിൽ കിട്ടണമെന്നാണ് ആവശ്യപ്പെട്ടിരിക്കുന്നത്. അതനുസരിച്ച് എത്ര കുട്ടികളും ആർ. ഇ. സി. പ്രവേശനത്തിനുവേണ്ടി ആവശ്യപ്പെട്ടിരുന്നുവോ അത്രയും കുട്ടികളുടെ പരീക്ഷാഫലം രഹസ്യമായി ഈ കഴിഞ്ഞ ഒന്നാം തീയതിയോടുകൂടി കാലിക്കട്ട് ആർ. ഇ. സി. യിൽ എത്തിച്ചുകൊടുക്കുകയും അങ്ങനെ കുട്ടികൾക്ക് അതിനുള്ള സാഹചര്യം നിഷേധിക്കാതിരിക്കാൻ ശ്രദ്ധിക്കുകയും ചെയ്തിട്ടുണ്ട്. പിന്നെ കുറേ കുട്ടികളുടെ പരീക്ഷാഫലം പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടില്ല. ആ കാര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സൂചിപ്പിച്ച ആശങ്ക അങ്ങയെപ്പോലെ തന്നെ ഞങ്ങൾക്കുമുണ്ട്. നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ കുട്ടികളുടെ പരീക്ഷാഫലം തടസ്സപ്പെടുത്താൻ വേണ്ടി മനഃപൂർവ്വമായി ശ്രമിച്ച കുറേ ആളുകൾ ഉണ്ട്. കുറേ കുട്ടികളുടെ മാർക്ക് ലിസ്റ്റുകൾ ഒളിപ്പിച്ചു വച്ചു. കുറേ കുട്ടികളുടെ നോമിനൽ റോൾ മാറ്റിവച്ചു. അങ്ങിനെയുള്ള കുട്ടികളുടെ പരീക്ഷാഫലമാണ് പ്രസിദ്ധീകരിക്കാൻ സാധിക്കാതെ വന്നത്. അത് കണ്ടെടുക്കുവാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. സെൻട്രലൈസ്ഡ് വാല്യുവേഷൻ നടന്ന ക്യാമ്പുകളിൽ കുട്ടികളുടെ ഒറിജിനൽ ആൻസർ ബുക്ക് സൂക്ഷിച്ചിട്ടുണ്ട്. ഇവിടെ മിസ്പ്ലേസ്ഡ് ആയിട്ടുള്ള മാർക്ക് ലിസ്റ്റുകൾ ആ ഒറിജിനൽ ആൻസർ ബുക്കിൽ നിന്നു തന്നെ പകർത്തിയെടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുകയാണ്. അതു കൊണ്ട് ഒരൊറ്റക്കുട്ടിയുടേയും മാർക്ക് ലിസ്റ്റ് പോകുന്ന പ്രശ്നമേയില്ല. ഇവിടെ കുഴപ്പങ്ങൾ കാണിച്ച കുറേ ജീവനക്കാരുണ്ട്. അവരോട് യാതൊരു ദയാദാക്ഷിണ്യവും കൂടാതെ ഈ ഗവൺമെന്റ് നടപടികൾ സ്വീകരിക്കുമെന്ന് ഞാൻ ഈ സഭയിൽ ഉറപ്പു നൽകുന്നു. അതിനകത്ത് യാതൊരു വിട്ടുവീഴ്ചയും ഗവൺമെന്റ് കാണിക്കുകയില്ല. കുട്ടികളുടെ ഭാവിയും അതുപോലെ തന്നെ രക്ഷിതാക്കളുടെ ഉൽക്കണ്ഠയുമൊക്കെ കണക്കിലെടുത്തുകൊണ്ടാണ് ഗവൺമെന്റ് പ്രവർത്തിക്കുന്നത്. ഇതിനകത്തു കുഴപ്പങ്ങളും കൃത്രിമങ്ങളും കാണിക്കുന്ന ആളുകളെ ദയവു ചെയ്ത് പ്രതിപക്ഷം സഹായിക്കരുതെന്നു മാത്രമാണെനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. യൂണിവേഴ്സിറ്റി പരീക്ഷാഫലം സാധാരണ നടപടിക്രമമനുസരിച്ച് തന്നെ പ്രസിദ്ധീകരിച്ചതുകൊണ്ട് സഭാ നടപടികൾ നിറുത്തിവച്ചു ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീമതി കെ. ആർ. ഗൗരി: സർ, മുമ്പ് നമ്മൾ എടുത്ത തീരുമാനത്തിന് വിരുദ്ധമായിട്ടാണ് ഇവിടെ പറഞ്ഞത്.

മി. സ്പീക്കർ: ഇവിടെ ഉന്നയിക്കപ്പെട്ട പ്രശ്നങ്ങളുടെ ഗൗരവം ഒരുപക്ഷേ കുറച്ചുകാണുന്നില്ല. നിരവധി കുട്ടികളുടെ ഭാവിയെ ബാധിക്കുന്ന പ്രധാനപ്പെട്ട ഒരു കാര്യം തന്നെയാണിത്. ഏതായാലും കാര്യങ്ങൾ ഭംഗിയായി നടക്കുന്നു എന്നു സ്വയം ആശ്വസിച്ചതുകൊണ്ട് കാര്യമില്ല. ഇത് ബന്ധപ്പെട്ട എല്ലാവരേയും ബോദ്ധ്യപ്പെടുത്താനുള്ള ബാദ്ധ്യത കൂടിയുണ്ട്. ഇതു സംബന്ധിച്ച് പത്രങ്ങളിലും സഭയ്ക്കകത്തും ആക്ഷേപങ്ങൾ വന്നിട്ടുണ്ട് എന്നുള്ളത് യാഥാർത്ഥ്യമാണ്. അത് കണ്ടില്ലെന്നു നടിക്കരുത്. ഇതു സംബന്ധിച്ച് യാതൊരു സംശയവും ഇല്ലാത്ത രീതിയിൽ സംശയങ്ങൾ ദൂരീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് മുഖവിലയ്ക്കെടുക്കുകയാണ്. അതിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയത്തിന് അനുമതി നിഷേധിക്കുകയാണ്.

III. ശ്രദ്ധക്ഷണിക്കൽ

(1) ചടയമംഗലം നിയോജകമണ്ഡലത്തിലെ പൊതു മരാമത്തു പണികളുടെ സ്തംഭനാവസ്ഥ

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, എന്റെ നിയോജകമണ്ഡലത്തിലെ പൊതുമരാമത്തു പണികൾ പൊതുവിൽ സ്തംഭിച്ചിരിക്കുന്നതുമൂലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിലുള്ള ജനങ്ങൾ ഇന്ന് വളരെയധികം ബുദ്ധിമുട്ട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly